# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.807 10.02.2016 - ൽ മറുപടിക്ക്

**നേഴ്സിംഗ് കോളേജ് പ്രിൻസിപ്പലിനെ പിരിച്ചുവിട്ടതിന് വകുപ്പുതല അന്വേഷണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ചെന്താമരാക്ഷൻ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| എ) | സിമെറ്റിന്റെ കീഴിലുള്ള മലമ്പുഴ നേഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ ആയിരുന്ന ഡോ. ജാനറ്റിനെ സർവ്വീസിൽ നിന്നും പിരിച്ചു വിടാനുള്ള കാരണങ്ങൾ എന്തായിരുന്നു; വകുപ്പുതല അന്വേഷണത്തിനു ശേഷമാണോ പിരിച്ചുവിട്ടത്; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ ലഭ്യമാക്കാമോ; | എ) | സിമെറ്റിന്റെ കീഴിലുള്ള മലമ്പുഴ നഴ്സിംഗ് കോളേജ് പ്രിൻസിപ്പലായി ഒരു വർഷ കരാർ വ്യവസ്ഥയിൽ ജോലി നോക്കിവന്ന ശ്രീമതി.ജെ.ജാനറ്റിനെ പ്രിൻസിപ്പാൾ തസ്തികയിൽ നിന്നും കരാർ കാലാവധി കഴിഞ്ഞപ്പോൾ പിരിച്ചു വിട്ടിരുന്നു. തെറ്റായ വിവരങ്ങൾ കാണിച്ച് ഇന്റർവ്യൂ ബോർഡിനെ തെറ്റിദ്ധരിപ്പിച്ചതിനും കരാർ വ്യവസ്ഥയുടെ ലംഘനം നടത്തിയതിനും നഴ്സിംഗ് കോളേജിലെ ജീവനക്കാരുടെയും രക്ഷകർത്താക്കളുടെയും നിരവധി പരാതികൾ പരിഗണിച്ചും ടിയാളുടെ ക്യാരക്ടർ ആന്റ് കോൺടക്ട് തൃപ്തികരമല്ലാത്തിനാലും സിമെറ്റ് നടത്തിയ അന്വേഷണത്തിനു ശേഷവുമാണ് പിരിച്ചുവിട്ടത് എന്ന് സിമെറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| ബി) | ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടത്തിയിരുന്നോ; കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; | ബി) | നടത്തിയിരുന്നു. കേരള ഗവൺമെന്റ് സർവ്വീസിൽ ആരോഗ്യ വകുപ്പിൽ മലപ്പുറം ജില്ലയിൽ സ്റ്റാഫ് നഴ്സായി 10.07.1998 മുതൽ 13.07.2003 വരെ ജോലി നോക്കിയതായി മലപ്പുറം ഡി.എം.ഒ-യുടെ റിപ്പോർട്ടിൽ നിന്നും വ്യക്തമാണ്. കേരള സർക്കാർ സർവ്വീസിൽ സ്റ്റാഫ് നഴ്സായി ജോലി ചെയ്ത 5 വർഷകാലയളവ് മറച്ചു വെക്കുകയും, ആ കാലയളവിൽ തന്നെ 5 വർഷം അദ്ധ്യാപക പരിചയം ഉണ്ടെന്ന |

| | | | |
|---|---|---|---|
| | | | എം.വി.കോളേജിലെ സർട്ടിഫിക്കറ്റ് സീമെറ്റിലെ പ്രിൻസിപ്പൽ ഇന്റർവ്യൂവിന് വേണ്ടിയുള്ള പ്രൊഫോർമയിൽ കാണിച്ച് ഇൻർവ്യൂ ബോർഡിനെ തെറ്റി ദ്ധരിപ്പിച്ച് ഉയർന്ന റാങ്കു നേടിയാണ് പ്രിൻസിപ്പൽ ജോലി കരസ്ഥമാക്കി യതെന്ന് സിമെറ്റ്, അന്വേഷണത്തിൽ വ്യക്തമാക്കിയിരുന്നു എന്നും എന്നാൽ ശ്രീമതി.ജാനറ്റ് ബഹു. ഹൈക്കോടതി യിൽ ഫയൽ ചെയ്ത WPC 10746/14 കേസിൽ വ്യാജസർട്ടിഫിക്കറ്റും മറ്റും ഹാജരാക്കിയതുമായി ബന്ധപ്പെട്ട ആരോപണത്തിൽ കഴമ്പില്ലായെന്ന് ഹൈക്കോടതി കണ്ടെത്തിയിരുന്നതി നാൽ മേൽ നടപടിക്ക് ശുപാർശ ചെയ്യുന്നില്ലെന്ന് വിജിലൻസ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. |
| സി) | പിരിച്ചുവിട്ടതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ്സ് ഫയൽ ചെയ്തിരുന്നോ; കോടതി ഉത്തരവ് എന്തായിരുന്നു; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | സി) | ബഹു. കേരള ഹൈക്കോടതിയിൽ WPC No.10746/14 ആയി ഒരന്യായം ഫയൽ ചെയ്തിരുന്നു. ബഹു. ഹൈക്കോടതിയുടെ ഈ വിഷയവുമായി ബന്ധപ്പെട്ട വിധി ന്യായത്തിൽ ടിയാളെ സീമെറ്റിന്റെ സർവ്വീസിൽ നിന്നും നീക്കം ചെയ്തത് (കരാർ അടിസ്ഥാനത്തിൽ ആയതിനാൽ) പുനഃപരിശോധിക്കേണ്ട തില്ലെന്നും മറ്റും സൂചിപ്പിച്ചുകൊണ്ട് ഹർജി തള്ളിക്കളയുകയാണ് ചെയ്തത്. കോടതി ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മറ്റ് നടപടികളൊന്നും സർക്കാർ സ്വീകരിക്കേണ്ടതായിട്ടില്ല. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ